**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2565** **21-01-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri. Kadakampally Surendran (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര ട്രേഡ്സ്മാൻ തസ്തികകൾ നിലവിലുണ്ട്; അതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത്, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കേപ്പ് (കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ) ന്റെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 71 ട്രേഡ്സ്മാൻ തസ്തികകളുണ്ട്. അതിൽ 54 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. |
| (ബി) | ട്രേഡ്സ്മാൻ തസ്തികയിൽ 04.03.2016 ന് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 04.03.2016-ന് പ്രസിദ്ധീകരിച്ച ട്രേഡ്സ്മാൻ റാങ്ക് ലിസ്റ്റിൽ നിന്നും ആർക്കും നിയമനം നൽകിയിട്ടില്ല. ട്രേഡ്സ്മാൻ തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത് കേപ്പിന്റെ തന്നെ സ്ഥാപനത്തിലെ ജീവനക്കാരെ ഉപയോഗിച്ചായിരുന്നു എന്നതു സംബന്ധിച്ച് പരാതികൾ ഉയർന്ന സാഹചര്യത്തിൽ 23.08.2017-ൽ കൂടിയ കേപ്പിന്റെ 160-ാമത് എക്സിക്യൂട്ടിവ് കമ്മിറ്റി തീരുമാന പ്രകാരം റാങ്ക് ലിസ്റ്റ് റദ്ദാക്കി. |
| (സി) | സഹകരണ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമന രീതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നേരിട്ടുള്ള നിയമനം. കേപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദത്തോടുകൂടി പത്രത്തിൽ പരസ്യം നൽകി നിയമാനുസരണം ചുമതലപ്പെടുത്തുന്ന സർക്കാർ അംഗീകൃത ഏജൻസികൾ, മത്സരപരീക്ഷകൾ നടത്തി തയ്യാറാക്കുന്ന ഷോർട്ട് ലിസ്റ്റും ഇന്റർവ്യൂവിനു ലഭിക്കുന്ന മാർക്കും കണക്കിലെടുത്ത് തയ്യാറാക്കുന്ന ലിസ്റ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയതിനുശേഷം ചാർട്ട് പ്രകാരമാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ